നം.ഇ.എക്സ്/എ4/54800/2024/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: **30/12/2024.**

## സർക്കുലർ

വിഷയം:- പരീക്ഷാഭവൻ - പത്താംതരം തുല്യതാ പരീക്ഷ - ഒക്ടോബർ 2024 ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം - സംബന്ധിച്ച്

സൂചന:- 27/08/2024 തീയതിയിലെ സി.ജനറൽ(4)/28000/2024/സി.ജി.ഇ. നമ്പർ പ്രകാരമുള്ള പരീക്ഷാവിജ്ഞാപനം.

2024 ഒക്ടോബർ മാസം നടത്തിയ പത്താംതരം തുല്യതാ പരീക്ഷയുടെ ഫലം **27/12/2024-ാം** തീയതി പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയത്തിന് ആഗ്രഹിക്കുന്നവർ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയും, പേപ്പർ ഒന്നിന് 400/- രൂപയും **06/01/2025** -ന് വൈകിട്ട് 4 മണിയ്ക്ക് മുൻപായി അതാത് പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർമാർക്ക് സമർപ്പിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർമാർ തങ്ങളുടെ സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ വിശദവിവരം പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പത്താംതരം തുല്യതാ പരീക്ഷയുടെ HM login വഴി **30/12/2024** മുതൽ **07/01/2025** വരെയുള്ള ദിവസങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയ ഇനത്തിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ്മാറ്റം മൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ പരീക്ഷാസെന്ററിലും സൂക്ഷിക്കേണ്ടതും, ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥികൾക്ക് പുനർമൂല്യ നിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച തുക തിരികെ നൽകേണ്ടതാണ്. പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയ ശേഷം **ബാക്കിയുള്ള തുക ചീഫ് സൂപ്രണ്ടുമാർ പുനർമൂല്യനിർണ്ണയ ഫലം പ്രസിദ്ധീകരിച്ചതിനുശേഷം പരീക്ഷാഭവൻ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ. പൂജപ്പുര ശാഖയിൽ ആരംഭിച്ചിട്ടുള്ള 67374991995 എന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിക്കേണ്ടതും, ആയതിന്റെ വിശദവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഈ കാര്യാലയത്തിലെ സൂപ്രണ്ട്, സി.ജനറൽ സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12** എന്ന മേൽവിലാസത്തിൽ അയച്ചുതരേണ്ടതുമാണ്. **പ്രസ്തുത സ്റ്റേറ്റ്മെന്റിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

പുനർമൂല്യനിർണ്ണയ ഫലത്തിലൂടെ ഗ്രേഡിൽ മാറ്റം വന്ന കുട്ടികൾക്ക് തിരികെ നൽകിയ തുകയുടെ ബാക്കി തുക യാതൊരു കാരണവശാലും പ്രഥമാദ്ധ്യാപകർ കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. പുനർമൂല്യനിർണ്ണയം പ്രസിദ്ധീകരിച്ച് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ബാക്കി തുക പരീക്ഷാ സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാത്ത പ്രഥമാദ്ധ്യാപകരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ വാർഷിക പരിശോധനയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**സെക്രട്ടറി**

പകർപ്പ്:-

**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.**
(എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും അടിയന്തിരമായി പകർപ്പ് നൽകേണ്ടതാണ്.)

**സിസ്റ്റം മാനേജർ** (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)